**S 1810**

# SSLC EXAMINATION, MARCH - 2023

## MALAYALAM

First Language - Paper II

Time : 1½ Hours Total Score : **40**

**പൊതുനിർദ്ദേശങ്ങൾ :**

- ആദ്യത്തെ പതിനഞ്ച് മിനിറ്റ് സമാശ്വാസ സമയമാണ്. ചോദ്യങ്ങൾ വായിക്കാനും ഉത്തരങ്ങൾ ക്രമപ്പെടുത്തുവാനും ഈ സമയം ഉപയോഗിക്കേണ്ടതാണ്.
- ചോദ്യങ്ങളും നിർദ്ദേശങ്ങളും ശ്രദ്ധാപൂർവം വായിച്ച് ഉത്തരമെഴുതുക.
- ഉത്തരമെഴുതുമ്പോൾ സ്കോർ, സമയം എന്നിവ പരിഗണിക്കണം.

**Score**

**1 മുതൽ 5 വരെ ചോദ്യങ്ങളിൽ 4 എണ്ണത്തിന് ഉത്തരമെഴുതുക.** **4x1=4**

**1.** ''നല്ലതിഥി നമുക്കിനിയാരിതുപോലെ ?''

(ഓണമുറ്റത്ത്)

'നല്ലതിഥി' എന്ന് വിശേഷിപ്പിക്കുന്നത് ആരെയാണ് ?
(തുമ്പയെ, മഹാബലിയെ, ചെറുകന്യകളെ, പുള്ളുവനെ)

**2.** താഴെ കൊടുത്തിരിക്കുന്നവയിൽ ശരിയായി പിരിച്ചെഴുതിയ പദം ഏത് ?

- ഒക്കെയിരിക്കിലും – ഒക്കെ, യിരിക്കിലും
- മാങ്ങാക്കാലം – മാങ്ങാ, ക്കാലം
- പെറുക്കിത്തിന്നുക – പെറുക്കി, തിന്നുക
- മുറിച്ചിടുക – മുറി, ച്ചിടുക

**3.** ''നെല്ലില്ല. പിശാശുക്കള് ! നെല്ലു കൊണ്ടുചെന്നു വല്ല പീടികയിലും പെട്ടവിലയ്ക്ക് വിൽക്കാനാണ്.''

(പ്ലാവിലക്കഞ്ഞി)

തൊഴിലാളികളോടുള്ള പുഷ്പവേലിൽ ഔസേപ്പിന്റെ എന്തു മനോഭാവമാണ് ഈ വാക്കുകളിൽ തെളിയുന്നത് ?

- തൊഴിലാളികളോടുള്ള കരുതൽ
- തൊഴിലാളികൾ ചൂഷണം ചെയ്യപ്പെടുന്നതിലുള്ള സങ്കടം
- തൊഴിലാളികളോടുള്ള ക്രൂരമായ അവഗണന
- നെല്ലു കൂലി നൽകാൻ കഴിയാത്തതിലുള്ള വിഷമം

Score

4. ''വേലി കെട്ടാത്തതു കാരണം വരമ്പിലേക്ക് ചാഞ്ഞ് നെല്ലിൻകുലകളിൽ ചവിട്ടി കുട്ടികൾ സ്കൂളിലേക്ക് പോയിക്കൊണ്ടിരിക്കുന്നു.''
'നെല്ലിൻകുല' എന്ന പദം വിഗ്രഹിച്ചാൽ
(നെല്ലെന്ന കുല, നെല്ലിന്റെ കുല, നെല്ലാകുന്ന കുല, നെല്ലും കുലയും)

5. പണയം എന്ന ചെറുകഥയിലെ കഥാപാത്രമായ ചെമ്പു മത്തായിയുടെ സ്വഭാവത്തിന് ഏറ്റവും യോജിക്കുന്ന പഴഞ്ചൊല്ല് താഴെ കൊടുത്തവയിൽ ഏത് ?
- അറ്റകൈക്ക് ഉപ്പു തേക്കാത്തവൻ
- അണ്ണാൻകുഞ്ഞും തന്നാലായത്
- ഗതികെട്ടാൽ പുലി പുല്ലും തിന്നും
- മിണ്ടാപ്പൂച്ച കലമുടയ്ക്കും

**6 മുതൽ 8 വരെ ചോദ്യങ്ങളിൽ 2 എണ്ണത്തിന് ഉത്തരമെഴുതുക. (രണ്ടോ മൂന്നോ വാക്യം)** 2x2=4

6. - ''ചിരുത അന്ന് അരിയിട്ട് തിളപ്പിച്ച വെള്ളം കുടിച്ചിട്ടില്ല.''
- ''അല്ലച്ചാ. നെല്ലു വെളീ കാണിക്കത്തില്ല.''

(പ്ലാവിലക്കഞ്ഞി)

അക്കാലത്തെ കർഷകത്തൊഴിലാളികളുടെ ജീവിതത്തെക്കുറിച്ച് പാഠഭാഗത്തു നിന്ന് ലഭിക്കുന്ന സൂചനകളിൽ രണ്ടെണ്ണം കുറിക്കുക.

7. ''വൃക്ഷങ്ങൾ പലതുണ്ടെങ്കിലും വൃക്ഷങ്ങളിൽ വച്ചു വൃക്ഷമായത് മാവുതന്നെയാണ്.''

(കൊച്ചുചക്കരച്ചി)

ലേഖകൻ ഇങ്ങനെ പറയുന്നതെന്തു കൊണ്ടാകും ? രണ്ട് നിരീക്ഷണങ്ങൾ കുറിക്കുക.

8. അർഥവ്യത്യാസം വരാതെ രണ്ടു വാക്യമാക്കുക.
ഗുരു സ്വതേ മൗനിയായിരുന്നെങ്കിലും അൽപ്പഭാഷണം കൊണ്ടു ശ്രോതാക്കൾക്കു സംശയനിവൃത്തി വരുത്താൻ അദ്ദേഹം അതിവിദഗ്ധനുമായിരുന്നു.

**9 മുതൽ 14 വരെ ചോദ്യങ്ങളിൽ 5 എണ്ണത്തിന് ഉത്തരമെഴുതുക. (അരപ്പുറം വീതം)** 5x4=20

9. - ''അവനവനാത്മസുഖത്തിന്നാചരിക്കു-
ന്നവയപരന്നു സുഖത്തിനായ് വരേണം.''
- ''ഒരു ജാതി, ഒരു മതം, ഒരു ദൈവം മനുഷ്യന് ''

എക്കാലത്തും പ്രസക്തമായ ജീവിത കാഴ്ചപ്പാടുകളാണ് ശ്രീനാരായണ ഗുരുവിന്റേത്. മുകളിൽ നൽകിയ ഗുരുദേവ സന്ദേശങ്ങളും സമകാലിക സാഹചര്യങ്ങളും വിശകലനം ചെയ്ത് കുറിപ്പ് തയ്യാറാക്കുക.

Score

10. ''ഏതോ ദിശയിൽ നിന്ന് അടിച്ചെത്തിയ കാറ്റിൽ ശബ്ദങ്ങളുടെ കരിയിലകൾ അപ്പാടെ പാറിപ്പോയിരിക്കുന്നു. അച്ഛന്റെ ശബ്ദവും സാന്നിധ്യവുമായിരുന്നു വീട്. ഇപ്പോൾ ഇതൊരു വീടല്ല.''

(ഓരോ വിളിയും കാത്ത്)

അച്ഛന്റെ മരണം സൃഷ്ടിച്ച ശൂന്യതയും ഒറ്റപ്പെടലും ആവിഷ്കരിച്ചിരിക്കുന്നതിന്റെ സവിശേഷതകൾ വിവരിക്കുക.

11. ''നാദമായ് വന്നെന്റെ നാവിലെത്തേനായി,
നാഭിയിൽ സ്പന്ദിച്ചതീയുള്ളെഴുത്തുകൾ''

(അമ്മയുടെ എഴുത്തുകൾ)

അമ്മയുടെ എഴുത്തുകളെ കവി ഇപ്രകാരം വിശേഷിപ്പിച്ചതിന്റെ ഔചിത്യം എന്ത് ? വിശദീകരിക്കുക.

12.
- ''എടീ കള്ളീ! നീയതു ഒളിച്ചുമച്ചിരുന്നോ?''
- ''അടി, അച്ചനു മല്ലോം കൊടുത്തോ?''

(പ്ലാവിലക്കഞ്ഞി)

ഇത്തരം ഭാഷാഭേദങ്ങൾ സാഹിത്യ രചനകളെ കൂടുതൽ ആസ്വാദ്യമാക്കുന്നുണ്ടോ ? സൂചനകളും പാഠഭാഗവും വിലയിരുത്തി കുറിപ്പ് തയ്യാറാക്കുക.

13.
- ''ഈ റേഡിയോം പാട്ടുക്കെ ഇനിക്കത്ര പിടിത്തല്ല്യാ. മനഷ്യരെ മെനക്കെടുത്താൻ ഓരോ ഏർപ്പാടോള് ! ആ നേരം വല്ല പണീം എടുത്താല് നാല് കാശ്ണ്ടാക്കാം.''

– (ചെമ്പുമത്തായി)

- ''പണ്യെടുക്കമ്പളും റേഡിയോ കേൾക്കാം മൂപ്പരേ, ഞാനങ്ങന്യാർന്നു. തയ്ക്കണ സമയത്ത് പാട്ടും നാടകോം ശബ്ദരേഖം ഒക്കെ കേൾക്കും.''

– (ചാക്കുണ്ണി)

ജീവിതത്തെക്കുറിച്ച് വ്യത്യസ്ത ചിന്താഗതികൾ ഉള്ളവരാണ് ചെമ്പുമത്തായിയും ചാക്കുണ്ണിയും. നൽകിയ സൂചനകളും കഥയിലെ മറ്റു സന്ദർഭങ്ങളും കൂടി പരിഗണിച്ച് ഇരുവരുടെയും ജീവിത കാഴ്ചപ്പാടുകൾ താരതമ്യം ചെയ്ത് കുറിപ്പ് തയ്യാറാക്കുക.

14. ''നീളും മലയുടെ ചങ്ങലവട്ടയിൽ
നാളം പാടലവിരലാൽ നീട്ടിയു-
മോമൽക്കവിളു തുടുത്തും തെല്ലൊരു
നാണത്തോടു പരുങ്ങിയൊരുങ്ങിടു-
മോണക്കോടിയുടുത്തൊരുഷസ്സേ''

(ഓണമുറ്റത്ത്)

വരികൾ വിശകലനം ചെയ്ത് കവി ഓണപ്പുലരിയെ വർണിച്ചതിന്റെ ഭംഗി കണ്ടെത്തി വിവരിക്കുക.

Score

**15 മുതൽ 17 വരെ ചോദ്യങ്ങളിൽ 2 എണ്ണത്തിന് ഉത്തരമെഴുതുക. (ഒരു പുറം വീതം)** **2x6=12**

15. • ''മർക്കോസിന് ഉറക്കം വന്നില്ല. ആ പ്രവൃത്തി ഒരു മുൻകൈയെടുക്കലായിപ്പോയി; യുദ്ധത്തിനു കാരണമായിപ്പോയി.''
    • ''അങ്ങനെ മുകളിൽ നിന്നു കീഴോട്ടൂർന്നിറങ്ങുന്ന മർക്കോസും താഴെ നിന്നു മേലോട്ടു വളരുന്ന മത്തായിയും അയൽക്കാരായിപ്പാർത്തു.''

(കോഴിയും കിഴവിയും)

സൂചനകളും കഥയിലെ മറ്റു സന്ദർഭങ്ങളും വിലയിരുത്തി 'മർക്കോസ് ' എന്ന കഥാപാത്രത്തെ നിരൂപണം ചെയ്യുക.

16. ആധുനികകാല ജീവിതത്തിൽ നഷ്ടപ്പെട്ടുകൊണ്ടിരിക്കുന്ന മനുഷ്യ ബന്ധങ്ങളുടെ പ്രാധാന്യവും വാർധക്യത്തെ ഉൾക്കൊള്ളാൻ കഴിയാത്ത പുതുതലമുറയുടെ മനോഭാവവും വിഷയമായ കവിതയാണ് അമ്മത്തൊട്ടിൽ. കവിത വിശകലനം ചെയ്ത് 'വാർധക്യം നേരിടുന്ന വെല്ലുവിളികൾ' എന്ന വിഷയത്തിൽ ഉപന്യാസം തയ്യാറാക്കുക.

17. • ''പത്രം അസത്യമാണെന്നറിഞ്ഞുകൊണ്ട് ഒരു കാര്യം പറയുകയും അത് സത്യമായിത്തീരുമെന്ന വിചാരത്തിൽ അക്കാര്യം ആവർത്തിച്ചുകൊണ്ടിരിക്കുകയും ചെയ്യുന്നു.''
    • ''പത്രങ്ങൾ ചെയ്യുന്ന ഏറ്റവും വലിയ സേവനം, അച്ചടിച്ചത് കണ്ടാൽ അവിശ്വസിക്കാൻ ജനങ്ങളെ പഠിപ്പിക്കുന്നു എന്നതാണ്.''

(പത്രനീതി)

സൂചനകൾ, പാഠഭാഗത്തിലെ ആശയം, സമകാലിക പ്രസക്തി എന്നിവ പരിഗണിച്ചുകൊണ്ട് 'പത്രധർമ്മം എന്റെ കാഴ്ചപ്പാടിൽ' എന്ന വിഷയത്തിൽ ലഘുപ്രഭാഷണം തയ്യാറാക്കുക.

-oOo-